**"ഭരണഭാഷ- മാതൃഭാഷ"**

## കേരള സർക്കാർ

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - മലപ്പുറം ജില്ലയിലെ ചെറുകാവ് ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറിയായിരുന്ന സേവനത്തിൽ നിന്നും വിരമിച്ച ശ്രീ. വി.പി. അബ്ദുൽ നാസിർ-നെതിരായ അച്ചടക്ക നടപടി - പുനഃപരിശോധനാ ഹർജി നിരസിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

### തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്

സ.ഉ.(സാധാ) നം.**2240/2025/LSGD** തീയതി,തിരുവനന്തപുരം, **18-09-2025**

---

പരാമർശം:-

1. സ.ഉ.(സാധാ) നം.**1819/2023/LSGD** തീയതി **14-09-2023.**
2. ചെറുകാവ് ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറിയായിരുന്ന ശ്രീ. വി.പി. അബ്ദുൾ നാസർ **17/04/2024** ൽ സമർപ്പിച്ച പുനഃപരിശോധന ഹർജി.
3. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ **01/07/2025** തീയതിയിലെ **LSGD/PD/15863/2025-VIGD6** നമ്പർ കത്ത്.

## <u>ഉത്തരവ്</u>

മലപ്പുറം ജില്ലയിലെ ചെറുകാവ് ഗ്രാമപഞ്ചായത്തിലെ മുൻ സെക്രട്ടറി ശ്രീ.വി.പി.അബ്ദുൽ നാസിർ-നെതിരെ ആരംഭിച്ച അച്ചടക്ക നടപടിയിൽ ടിയാന്റെ പെൻഷനിൽ നിന്നും **1,000/-** രൂപ **3** വർഷത്തേക്ക് കുറവ് വരുത്തി **KSR Part III Rule 3 (b)** പ്രകാരം തീർപ്പാക്കിയ പരാമർശം **(1)** ഉത്തരവ് പുനഃപരിശോധിച്ച് പ്രസ്തുത ഉത്തരവ് റദ്ദ് ചെയ്യണമെന്ന് ആവശ്യപ്പെട്ട് പരാമർശം **(2)** പ്രകാരം ടിയാൻ സർക്കാരിൽ അപ്പീൽ അപേക്ഷ സർപ്പിക്കുകയുണ്ടായി.

**2.** അച്ചടക്ക നടപടിയുമായി ബന്ധപ്പെട്ട് സമർപ്പിച്ച കാരണം കാണിക്കൽ നോട്ടീസിനുള്ള മറുപടിയിൽ ഉന്നയിച്ചിരുന്ന തെളിവുകളോടെയുള്ള വാദഗതികൾ ശരിയായവിധം പരിശോധിക്കാതെയാണ് ശിക്ഷ നിശ്ചയിച്ച് അച്ചടക്ക നടപടി തീർപ്പാക്കിയിട്ടുള്ളത് എന്നതിനാൽ ആയത് പുനപരിശോധിക്കണമെന്നാണ് ടിയാൻ പുനപരിശോധന അപേക്ഷയിൽ ആവശ്യപ്പെട്ടിരിക്കുന്നത്. പ്രസ്തുത പുനഃപരിശോധനാ ഹർജിയിന്മേൽ പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം **(3)** പ്രകാരം സമർപ്പിച്ച റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

*ശ്രീ. അബ്ദുൽ നാസിർ വി.പി. സമർപ്പിച്ച പുനഃപരിശോധനാ ഹർജി പരിശോധിച്ചതിൽ സർക്കാരിൽ നിന്നും ടിയാനെതിരെ പുറപ്പെടുവിച്ച കുറ്റാരോപണ മെമ്മോക്കും, കാരണം കാണിക്കൽ നോട്ടിസിനും ടിയാൻ സമർപ്പിച്ച മറുപടിയിലെ വിവരങ്ങൾ തന്നെ ആവർത്തിച്ചിട്ടുള്ളതായാണ് കാണുന്നത്.*

***83/2009*** *നമ്പർ പ്രൊജക്ടിനായി ക്വട്ടേഷൻ അംഗീകരിച്ച് അറിയിപ്പ് നൽകിയത് സംബന്ധിച്ചും, കോൺട്രാക്ടറുമായി എഗ്രിമെന്റ് വെച്ചതും സംബന്ധിച്ച വിശദാംശങ്ങൾ*

*ഫയലിൽ ലഭ്യമാക്കാതിരുന്നതിൽ സെക്രട്ടറിക്ക് ജാഗ്രതക്കുറവ് സംഭവിച്ചതായാണ് അച്ചടക്കനടപടി തീർപ്പാക്കിക്കൊണ്ടുള്ള ഉത്തരവിൽ പരാമർശിച്ചിട്ടുള്ളത്. പ്രസ്തുത ആരോപണം ഖണ്ഡിക്കുന്ന തരത്തിലുള്ള ന്യായവാദങ്ങൾ ശ്രീ. അബ്ദുൽ നാസിർ.വി.പി. സമർപ്പിച്ച പുനഃപരിശോധനാ ഹർജിയിൽ പരാമർശിച്ചിട്ടില്ല.*

*മലപ്പുറം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഈ വിഷയത്തിൽ സമർപ്പിച്ചിട്ടുള്ള ഔപചാരിക അന്വേഷണ റിപ്പോർട്ടിൽ **83/2009** നമ്പർ പ്രൊജക്ട് പ്രകാരം സ്ട്രീറ്റ് ലൈറ്റ് മെറ്റിരിയൽസ് വാങ്ങുന്നതിനായി ക്വട്ടേഷൻ ക്ഷണിച്ചത് പ്രകാരം കുറഞ്ഞ നിരക്ക് കാണിച്ച് ശ്രീ. പി.സി.അൽത്താഫ്, ഇലക്ട്ര, സിയാംകണ്ടം എന്നയാളുടെ ക്വട്ടേഷൻ അംഗീകരിച്ചത് സംബന്ധിച്ച അറിയിപ്പ്, സപ്ലൈ ഓർഡർ എന്നിവ നൽകിയതായോ, കരാറുടമ്പടി വെച്ചതായോ ഉള്ള രേഖകൾ ഫയലിൽ കണ്ടെത്താൻ കഴിയാത്തത് സംബന്ധിച്ച് ശ്രീ. വി.പി. അബ്ദുൽ നാസറിനോട് ഔപചാരിക അന്വേഷണവേളയിൽ ആരാഞ്ഞിരുന്നുവെങ്കിലും ആയത് സംബന്ധിച്ച് വിശദീകരണം ടിയാൻ ബോധിപ്പിക്കുകയുണ്ടായില്ല ആയതിനാൽ ടി ആരോപണം നിലനിൽക്കുന്നു.*

*സ്ട്രീറ്റ് മെയിൻ പ്രവർത്തിക്കായി **2009** ൽ പ്രൊജക്ട് വിഭാവനം ചെയ്ത് കെ.എസ്.ഇ.ബി-യുടെ എസ്റ്റിമേറ്റ് പ്രകാരം തുക ഡെപ്പോസിറ്റ് ചെയ്തെങ്കിലും പ്രവൃത്തി പൂർത്തിയാക്കിയത് **2012** മാർച്ച് മാസത്തിലാണെന്നും, **01/09/2011**-ലാണ് ശ്രീ. അബ്ദുൽ നാസിർ. വി.പി. ചെറുകാവ് ഗ്രാമപഞ്ചായത്തിൽ നിന്നും വിടുതൽ ചെയ്തിട്ടുള്ളത് എന്നും മലപ്പുറം പഞ്ചായത്ത് ഡെപ്യട്ടി ഡയറക്ടർ ഈ വിഷയത്തിൽ സമർപ്പിച്ചിട്ടുള്ള ഔപചാരിക അന്വേഷണ റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്. കെ.എസ്.ഇ.ബി അധികൃതർ ലൈൻ വലിക്കുന്ന പ്രവർത്തി എന്ന് പൂർത്തീകരിക്കുമെന്ന് ഒരു തീർച്ചയുമില്ലാതെ **109** ട്യൂബ് ലൈറ്റുകളും അനുബന്ധ സാമഗ്രികളും വാങ്ങി പ്രവൃത്തി പൂർത്തിയാകുന്നതിനു മുൻപ് ടി തുക നൽകാനിടയായതിൽ സെക്രട്ടറിക്ക് ജാഗ്രതക്കുറവ് സംഭവിച്ചിട്ടുണ്ട്.*

***83/09** പ്രൊജക്ടിലെ സ്ട്രീറ്റ് ലൈറ്റുകളെല്ലാം ലൈൻ എക്സ്റ്റൻഷൻ സമയത്ത് വെച്ചിട്ടുണ്ടോ അതോ ഉപയോഗശൂന്യമായോ എന്നുള്ള വിവരം നിലവിലെ ചെറുകാവ് സെക്രട്ടറിയോട് ആരാഞ്ഞതിൽ, പ്രസ്തുത പദ്ധതിയുടെ നിർവഹണവുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്ത് ഓഫീസിൽ നടത്തിയ പരിശോധനയിൽ **104** ട്യൂബ് ലൈറ്റുകളുടെ ഫ്രെയിമുകൾ കണ്ടെത്തുകയും ആയവ നാശോന്മുഖമായിക്കൊണ്ടിരിക്കുകയാണെന്നും, അനുബന്ധ സാമഗ്രികളൊന്നും തന്നെ പരിശോധനയിൽ കണ്ടെത്താനായിട്ടില്ല എന്നും ഗ്രാമപഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും ജോയിൻറ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.*

**3.** സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. **83/2009** നമ്പർ പ്രൊജക്ടിനായി ക്വട്ടേഷൻ അംഗീകരിച്ച് അറിയിപ്പ് നൽകിയത് സംബന്ധിച്ചും, കോൺട്രാക്ടറുമായി എഗ്രിമെൻറ് വെച്ചതും സംബന്ധിച്ച വിവരങ്ങൾ ഫയലിൽ ലഭ്യമാക്കാതിരുന്നതിലും കെ.എസ്.ഇ.ബി അധികൃതർ ലൈൻ വലിക്കുന്ന പ്രവർത്തി എന്ന് പൂർത്തീകരിക്കുമെന്ന് ഒരു തീർച്ചയുമില്ലാതെ **109** ട്യൂബ് ലൈറ്റുകളും അനുബന്ധ സാമഗ്രികളും വാങ്ങി പ്രവൃത്തി പൂർത്തിയാകുന്നതിനു മുൻപ് ടി തുക നൽകാനിടയായതിൽ (**104** ട്യൂബ് ലൈറ്റുകളുടെ ഫ്രെയിമുകൾ ഗ്രാമപഞ്ചായത്തോഫീസിൽ നാശോന്മുഖമായിക്കൊണ്ടിരിക്കുകയാണ്) സെക്രട്ടറിക്ക് ജാഗ്രതക്കുറവ് സംഭവിച്ചിട്ടുണ്ട് എന്ന് പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിലും അച്ചടക്ക നടപടി **KSR Part III 3 (b)** പ്രകാരമുള്ള നടപടിക്രമങ്ങളെല്ലാം പാലിച്ച്, നേരത്തെ നിശ്ചയിച്ച ശിക്ഷയിൽ ഇളവ് വരുത്തി പ്രതിമാസ

പെൻഷനിൽ നിന്നും 1000 രൂപ 3 വർഷത്തേയ്ക്ക് കുറവ് വരുത്തി, പബ്ലിക് സർവ്വീസ് കമ്മീഷന്റെയും അനുമതിക്ക് വിധേയമായിട്ടാണ് പരാമർശം (1) പ്രകാരം തീർപ്പാക്കിയിട്ടുള്ളത്. സർക്കാരിന്റെ കാരണം കാണിക്കൽ നോട്ടീസിന് ടിയാൻ സമർപ്പിച്ചിരുന്ന മറുപടിയിലും ടിയാനെ നേരിൽ കേട്ടവേളയിൽ ടിയാൻ ബോധിപ്പിച്ചിരുന്ന വസ്തുതകളിലും നിന്നും വ്യത്യസ്തമായ ഒരു സംഗതിയും ടിയാൻ പുനപരിശോധന ഹർജിയിൽ ഉന്നയിച്ചിട്ടുള്ളതായി കാണുന്നില്ല.

4. മേൽ സാഹചര്യത്തിൽ, ചെറുകാവ് ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ.വി.പി.അബ്ദുൽ നാസിർ സമർപ്പിച്ച പരാമർശം (2) പുനഃപരിശോധനാ ഹർജിയിൽ ഉന്നയിച്ചിട്ടുള്ള വാദഗതികളൊന്നും ടിയാനെതിരെയുള്ള അച്ചടക്ക നടപടി തീർപ്പാക്കിയ പരാമർശ (1) ഉത്തരവിൽ പരാമർശിച്ചിട്ടുള്ള ശിക്ഷാ നടപടി ഒഴിവാക്കുന്നതിന് പര്യാപ്തമായവയല്ലെന്ന് കാണുന്നതിനാൽ പ്രസ്തുത ഉത്തരവ് പുനപരിശോധിക്കേണ്ട സാഹചര്യം നിലവിലില്ല എന്നതിനാൽ ടിയാന്റെ പരാമർശം (2) ഹർജ്ജി നിരസിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
അഡിഷണൽ സെക്രട്ടറി

1. ശ്രീ. വി.പി. അബ്ദുൽ നാസിർ, മുൻ സെക്രട്ടറി (റിട്ട.), ചെറുകാവ് ഗ്രാമപഞ്ചായത്ത്, മലപ്പുറം. *(തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ, തിരുവനന്തപുരം മുഖേന).*
2. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
3. തദ്ദേശ സ്വയംഭരണ വകുപ്പ് ജോയിന്റ് ഡയറക്ടർ, മലപ്പുറം.
4. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
5. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഇപിബി3/76/2024/തസ്വഭവ നമ്പർ ഫയലിലേക്ക്)

ഉത്തരവിൻ പ്രകാരം

Signed by
Riju M Das
Date: 19-09-2025 10:05:09
സെക്ഷൻ ഓഫീസർ